## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 507** **11-06-2024 - ൽ മറുപടിയ്ക്ക്**

## നിലമ്പൂർ റോഡ് അണ്ടർ ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ റോഡ് അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിന്റെ കരാർ തുക എത്രയാണെന്നും ഇതിൽ എത്രയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമെന്നും അറിയിക്കാമോ; | (എ) | **27/02/2023 ലെ GO(Rt) No. 235/2023/PWD നമ്പർ ഉത്തരവ് പ്രകാരം നിലമ്പൂർ റോഡ് അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിനായി 14,66,49,198 രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. 50 : 50 എന്ന അനുപാതത്തിലാണ് കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ചെലവ് വഹിക്കേണ്ടത്. നിലമ്പൂർ റോഡ് അണ്ടർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ കരാർ തുക 12,91,98,954/- രൂപയാണ്. സംസ്ഥാന വിഹിതം 6,45,99,477/- രൂപയും, റെയിൽവേ വിഹിതം 6,45,99,477/- രൂപയുമാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ആർ.ഡി.സി.എൽ. കരാറുകാരന് ഇതുവരെ എത്ര തുകയാണെന്ന് നൽകിയിട്ടുള്ളതെന്നും പ്രസ്തുത തുകയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം കെ.ആർ.ഡി.സി.എൽ.-ന് നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | ഈ പദ്ധതിയുടെ കരാർ ഏറ്റെടുത്തിട്ടുള്ള സുരഭി എർത്ത് മൂവേഴ്സ്, എറണാകുളം ഇതുവരെ 1,24,01,827/- രൂപയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 97,66,244/- രൂപയുടെ ബില്ലുകൾ അംഗീകരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. 26,35,583/- രൂപയുടെ ബില്ലിന് അംഗീകാരം നൽകി തുക നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കുന്നതിന് കെ. ആർ. ഡി. സി. എൽ നിലവിൽ നൽകിയ അപേക്ഷ ധനകാര്യ വകുപ്പ് പരിശോധിക്കുകയും, LOC പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ശേഷം തുക അനുവദിച്ച് നൽകുന്നതുമാണ്. |
| (സി) | സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കുന്നതിന് കെ.ആർ.ഡി.സി.എൽ. നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പദ്ധതിയുടെ ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ; | (സി) | സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കുന്നതിന് കെ. ആർ. ഡി. സി. എൽ നൽകിയ അപേക്ഷ ധനകാര്യ വകുപ്പ് പരിശോധിക്കുകയും, LOC പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകുന്നതാണ് എന്നറിയിച്ചു കൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കിയിട്ടുണ്ട്. നിലവിൽ ഫയൽ പൊതുമരാമത്ത് - സി വകുപ്പിലാണ്. (ഫയൽ നം. പി ഡബ്ല്യു ഡി - സി2/121/2024-പി ഡബ്ല്യൂ ഡി) |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്കായി റെയിൽവേ ഗേറ്റ് അടച്ചിട്ടതിനാൽ ട്രാഫിക് ഡിവേർഷൻ മൂലം ട്രെയിൻ യാത്രികർക്കും പ്രദേശവാസികൾക്കും ഉണ്ടാകുന്ന ദുരിതം ഒഴിവാക്കുവാൻ പ്രസ്തുത ബ്രിഡ്ജിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഭരണ വകുപ്പ് LOC പ്രൊപ്പോസൽ നൽകുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ